# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 224 — 01.12.2014-ൽ മറുപടിയ്ക്ക്

## ഒളിക്യാമറ അനാശാസ്യ തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ പോലീസ് അറസ്റ്റ് ചെയ്തത് ഏത് തീയതിയിൽ ഏത് സമയത്ത് ഏത് സ്ഥലത്ത് വെച്ചായിരുന്നുവെന്ന് വ്യക്തമാക്കാമോ? | (എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തു നിന്നും 24.07.2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ടൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകി 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. |
| (ബി) അറസ്റ്റ് ചെയ്യുന്നതിനു മുമ്പ് പ്രതി ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലം എവിടെയായിരുന്നു? പ്രസ്തുത സ്ഥലത്ത് നിന്നുതന്നെ അറസ്റ്റ് ചെയ്യാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ? | (ബി) തിരുവനന്തപുരം വഞ്ചിയൂർ കൈതമുക്കിലുള്ള ബി.ആർ.ജി ടവ്വേഴ്സ് എന്ന ലോഡ്ജിൽ ജയചന്ദ്രന്റെ പേരിൽ എടുത്ത 10-ാം നമ്പർ മുറിയിലാണ് ഒളിവിൽ കഴിഞ്ഞിരുന്നത്. പ്രതി കേസിൽ ഉൾപ്പെട്ടിട്ടുള്ള ജയചന്ദ്രൻ തന്നെയാണോ എന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടിയാണ് ടിയാന്റെ അറസ്റ്റ് ടിയാനെ കണ്ടെത്തിയ സ്ഥലത്തുവച്ച് രേഖപ്പെടുത്താത്തത്. |
| (സി) പ്രതിയുടെ താമസം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്മാർ താമസിച്ച സ്ഥലത്തിന്റെ അധികാര കേന്ദ്രത്തിൽ അറിയിക്കുകയുണ്ടായിട്ടുണ്ടോ? അനുമതിയോടു കൂടി പ്രസ്തുത സ്ഥലത്ത് നിന്ന് തന്നെ അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്? | (സി) പ്രതിയെക്കുറിച്ച് തിരുവനന്തപുരം ഭാഗങ്ങളിൽ അന്വേഷണം നടത്തുകയും പാറശ്ശാല ഭാഗത്തു വച്ച് 24.07.2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ടൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകി 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. |
| (ഡി) പ്രതിയെ അറസ്റ്റ് ചെയ്തതിനുശേഷം പ്രതി ഒളിവിൽ താമസിച്ച എല്ലാ സ്ഥലങ്ങളിലും കൊണ്ട് പോയി തെളിവുകൾ ശേഖരിക്കുകയുണ്ടായോ? ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ? | (ഡി) ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലങ്ങളിൽ കൊണ്ടുപോയി തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ